♦ ചകിരി ക്ഷാമം ശാശ്വതമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്ത മിനി ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണസംഘങ്ങൾക്കും, സ്വയം സഹായ ഗ്രൂപ്പുകൾക്കും സ്വകാര്യ സംരംഭകർക്കും നൽകിവരുന്നു. ഇത്തരത്തിലുള്ള 265 മെഷീനുകൾ നിർമ്മിച്ച് കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വയംസഹായ ഗ്രൂപ്പുകൾക്ക് 75% സബ്സിഡിയിലും സ്വകാര്യ സംരംഭകർക്ക് 50% സബ്സിഡിയിലും നൽകുന്നതിലേയ്ക്കായി 357 ലക്ഷം രൂപ എൻ.സി.ആർ.എം.ഐ.യ്ക്ക് അനുവദിച്ചു. 31-12-10-നകം 1000 മെഷീനുകൾ സംസ്ഥാനത്ത് ഒട്ടാകെ വിതരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

♦ നിലവിൽ അനുഭവപ്പെട്ടിരുന്ന ചകിരി ക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് തമിഴ്നാട്ടിലെ ചകിരി ഉൽപ്പാദക കേന്ദ്രങ്ങളിൽ നിന്നും പരമാവധി ചകിരി വാങ്ങി സംഭരിച്ച് സംഘങ്ങൾക്ക് നൽകിവരുന്നു. കഴിഞ്ഞ വർഷം 18 രൂപ വരെ വില നൽകി ചകിരി സംഭരിച്ച് പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 10 രൂപയ്ക്ക് നൽകി. ഇപ്പോൾ കയർഫെഡ് 700 കിന്റൽ ചകിരി സംഭരിച്ചുവച്ചിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഒന്നോ ഒന്നിലധികം ബ്ലോക്കുകളോ പ്രവർത്തന പരിധിയാക്കി ഇതുവരെ 32 കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ഒരു കൺസോർഷ്യത്തിന് 5 ലക്ഷം എന്ന കണക്കിൽ 2009-10-ൽ രജിസ്റ്റർ ചെയ്യപ്പെട്ട 30 കൺസോർഷ്യങ്ങൾക്ക് 150 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. രണ്ട് കൺസോർഷ്യങ്ങൾക്കുള്ള തുക അനുവദിക്കുന്നതിലേയ്ക്കായി പരിഗണിച്ചുവരുന്നു.

(ഇ) തൊണ്ട് സംഭരണ സാദ്ധ്യതയും ഡീഫൈബറിംഗ് മില്ലുകൾ ചെറുതും വലുതുമായി പ്രവർത്തിക്കുന്ന എല്ലാ ബ്ലോക്ക് പ്രദേശത്തും കൺസോർഷ്യങ്ങൾ ആരംഭിക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 50 കൺസോർഷ്യങ്ങൾ രൂപം നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 32 എണ്ണം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഈ വർഷം 18 കൺസോർഷ്യങ്ങൾ കൂടി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

28 (*448) ശ്രീ. ബി. രാഘവൻ :
ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണത്തിന് കഴിഞ്ഞ വർഷം എത്ര കോടി രൂപ വിനിയോഗിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളുണ്ട് ;

(ഡി) ക്ഷേമനിധിയിലെ എല്ലാ അംഗങ്ങൾക്കും രണ്ട് രൂപയ്ക്ക് റേഷനരിയും ഗോതമ്പും ലഭിക്കുന്നുണ്ടോ ; അല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ;

(ഇ) ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(എഫ്) 60 വയസ്സ് പൂർത്തിയായ എത്ര കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് അധിവർഷ ആനുകൂല്യം അനുവദിച്ചു ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ):

(എ) ബോർഡ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്യുന്ന ജോലികൾ കെൽട്രോൺ വഴി നടത്തിവരികയാണ്. അത് പൂർത്തിയാകുന്നതോടെ ബോർഡ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുന്നതാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭൂവുടമാ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടും തൊഴിലാളികളിൽ നിന്നും ലഭിക്കുന്ന വിഹിതത്തിന് തുല്യമായ തുക സർക്കാർ മാച്ചിംഗ് ഗ്രാന്റായി അനുവദിച്ചുകൊണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അംശദായം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷേമനിധി അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങളും സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണത്തിന് 2009-10 സാമ്പത്തിക വർഷം 174,23,69,301 രൂപ വിനിയോഗിച്ചിട്ടുണ്ട്.

(സി) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 16,23,314 അംഗങ്ങൾ നിലവിലുണ്ട്.

(ഡി) രണ്ടുരൂപയ്ക്ക് അരി ലഭിക്കുന്ന പദ്ധതിയിൽപ്പെടാത്ത ക്ഷേമനിധി അംഗങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് അപ്രകാരം ലഭിച്ച 2,16,633 അപേക്ഷകളിൽ 1,95,092 പേരുടെ വിവരങ്ങൾ ഇതിനകം സിവിൽ സപ്ലൈസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. ബാക്കി അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) ക്ഷേമനിധി ആനുകൂല്യങ്ങൾ സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള ശുപാർശ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്.

(എഫ്) 60 വയസ്സ് പൂർത്തിയായ 2,12,483 കർഷകത്തൊഴിലാളികൾക്കായി ആകെ 110,90,39,872 രൂപ അധിവർഷാനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly